പതിനാലാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
നിയമസഭാ ചോദ്യം നമ്പർ *339

23/08/2017 ൽ
മറുപടിക്ക്

## വ്യവസായ സ്ഥാപനങ്ങളെ കരകയറ്റുന്നതിനായി പാക്കേജ്

ചോദ്യം

ശ്രീ.വി. അബ്ദുറഹിമാൻ
ശ്രീ.എസ്.ശർമ്മ
ശ്രീ.വി. ജോയി
ശ്രീ.പി.വി. അൻവർ

മറുപടി
ശ്രീ.എ.സി.മൊയ്തീൻ
(വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| എ) | മുൻ സർക്കാരിന്റെ കാലത്ത് തകർച്ചയിലായിരുന്ന പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളെ കരകയറ്റാനായി ഈ സർക്കാർ നടത്തിയ നവീകരണം, വിപുലീകരണം, വൈവിധ്യ വൽക്കരണം തുടങ്ങിയ മാർഗ്ഗങ്ങളിലൂടെ ആകെ നഷ്ടം കുറയ്ക്കുന്നതിന് സാധ്യമായിട്ടുണ്ടോ; | എ) | ഉണ്ട്. വ്യവസായ വകുപ്പിൻെറ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും വിപണിയിൽ നിന്നും നേരിടുന്ന കനത്ത മത്സരത്തെ അതിജീവിക്കത്തക്ക വിധത്തിൽ അവയെ ശക്തിപ്പെടുത്തുന്നതിനുമുള്ള നടപടികളാണ് സർക്കാർ മുൻഗണന നൽകി നടപ്പിലാക്കിവരുന്നത്.<br>ഉൽപ്പാദന സംവിധാനങ്ങളുടെയും, സാങ്കേതിക വിദ്യയുടെയും കാലാനുസൃതമായ നവീകരണം, വിപണന സാധ്യതയുള്ള ഉല്പന്നങ്ങളുടെ വൈവിദ്ധ്യവത്ക്കരണം, വിപുലീകരണം, കാര്യക്ഷമമായ മാനേജ്മെൻറ് സംവിധാനം, സ്ഥാപനങ്ങൾ തമ്മിലുള്ള ഏകോപനം, ധനപരമായ പുന:രുദ്ധാരണം, പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മോണിട്ടറിംഗ് ചെയ്യുന്നതിനുള്ള സംവിധാനങ്ങളുടെ ശക്തിപ്പെടുത്തൽ, എന്നീ നടപടികൾക്ക് പ്രാമുഖ്യം |

| | | | |
|---|---|---|---|
| | | | നൽകി പദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പിലാക്കി വരികയാണ്. ഇതിൻെറ ഫലമായി 2015-16 സാമ്പത്തിക വർഷത്തെ മൊത്തം നഷ്ടമായ 131.87 കോടിരൂപയിൽ നിന്നും ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷമുള്ള കാലയളവിൽ 2016-17-ൽ മൊത്തം നഷ്ടം 80.67 കോടിരൂപയായി കുറയ്ക്കുവാൻ സാധിച്ചു. |
| ബി) | ഓരോ പൊതുമേഖലാ സ്ഥാപനത്തിനും കൃത്യമായ പാക്കേജ് തയ്യാറാക്കി ത്രികക്ഷി കരാറിൽ ഏർപ്പെട്ട് അവയെ ലാഭകരമാക്കുമെന്ന ബജറ്റ് പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ അറിയിക്കാമോ? | ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായവകുപ്പിൻെറ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിൻെറ ഭാഗമായി ഓരോ പൊതുമേഖലാ സ്ഥാപനങ്ങളുടെയും പ്രവർത്തനം പ്രത്യേകം പ്രവർത്തന അവലോകനത്തിനു വിധേയമാക്കിയതിൻെറ അടിസ്ഥാനത്തിൽ ഉൽപ്പാദന സംവിധാനങ്ങളുടെയും സാങ്കേതിക വിദ്യയുടെയും കാലാനുസൃതമായ നവീകരണം, വിപണന സാധ്യതയുള്ള ഉല്പന്നങ്ങളുടെ വൈവിദ്ധ്യവത്ക്കരണം, വിപുലീകരണം എന്നിവയ്ക്ക് മുൻ തൂക്കം നൽകിക്കൊണ്ടുള്ള പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരികയാണ്. ഇതിനുവേണ്ടി 2017-18 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 270 കോടിരൂപയുടെ പദ്ധതി വിഹിത സഹായം അനുവദിച്ചിട്ടുണ്ട്. ഇത് മുൻ വർഷങ്ങളിലെ പദ്ധതി വിഹിതത്തിനേക്കാൾ ഉയർന്ന തുകയാണ്. ഇത് കൂടാതെ വിപുലമായ നവീകരണ വിപുലീകരണ പദ്ധതികൾ നടപ്പിലാക്കുവാൻ പ്രത്യേക ധനസഹായവും സർക്കാർ അനുവദിക്കുന്നതാണ്. സ്ഥാപനങ്ങൾ സമർപ്പിക്കുന്ന |

| | |
|---|---|
| | പദ്ധതികൾ സർക്കാർ പരിശോധിച്ച് അംഗീകാരം നൽകിവരുന്നു. ഈ പദ്ധതികളുടെ നടത്തിപ്പിനായി ത്രികക്ഷി കരാറിൽ ഏർപ്പെടുന്ന കാര്യം സർക്കാർ പരിശോധിക്കുന്നതാണ്. കൂടാതെ പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിനായി പ്രത്യേക നവീകരണ വിപുലീകരണ പദ്ധതികൾ കമ്പനികൾ ആവിഷ്ക്കരിച്ചുവരികയാണ്.<br>ടൈറ്റാനിയം ലോഹം ഉൾപ്പെടുന്ന ടൈറ്റാനിയം മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ ഒരു "കോംപ്ലക്സ്" സ്ഥാപിക്കുന്നതിനുവേണ്ടി പദ്ധതി തയ്യാറാക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br>ടെക്സ്റ്റൈൽ മേഖലയിലെ പൊതുമേഖലയിലും സഹകരണമേഖലയിലുമുള്ള പ്രവർത്തനം നിലച്ചുകിടന്നിരുന്ന സ്ഥാപനങ്ങളുടെ സമഗ്രമായ നവീകരണ പരിപാടികൾക്കായി 15 കോടി രൂപയുടെ അധിക ധനസഹായം നൽകുകവഴി അവ തുറന്നു പ്രവർത്തിച്ചു. ടെക്സ്റ്റൈൽ മേഖലയിലെ സ്ഥാപനങ്ങൾക്കുള്ള പുനരുദ്ധാരണ പദ്ധതി തയ്യാറാക്കുന്നതിനായി രൂപീകരിച്ച വിദഗ്ദ്ധ കമ്മറ്റിയുടെ റിപ്പോർട്ട് 2017 മേയ് മാസം സർക്കാരിനു സമർപ്പിക്കുകയും അതനുസരിച്ചുള്ള പദ്ധതികൾ സർക്കാർ പരിശോധിച്ചു വരുകയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ